ഗാന്ധിസ്മൃതി വനം പദ്ധതി

284 (2113) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാന്ധി സ്മൃതി വനം, വിവിധ ഇക്കോ ടൂറിസം പദ്ധതികൾ, കോട്ടൂരിലേയും കാപ്പുകാട്ടേയും ആന സംരക്ഷണ കേന്ദ്രങ്ങൾ എന്നിവയ്ക്കോരോന്നിനും 2012-13 ലെ ബഡ്ജറ്റിൽ എത്ര തുക വീതം വകയിരുത്തിയിരുന്നു ; എത്ര തുക വീതം അനുവദിക്കപ്പെട്ടു ; എത്ര തുക വീതം പിൻവലിക്കാതെ അവശേഷിക്കുന്നു ; വ്യക്തമാക്കുമോ ;

(ബി) തുടർന്നുള്ള ബഡ്ജറ്റുകളിൽ പ്രസ്തുത പദ്ധതികൾക്കായി തുക വകയിരുത്തിയിരുന്നോ ; എങ്കിൽ ഓരോന്നിനും വകയിരുത്തിയ തുക എത്ര ; അനുവദിക്കപ്പെട്ട തുക എത്ര ; അതിൽ പിൻവലിക്കാതെ അവശേഷിക്കുന്ന തുക എത്ര ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗാന്ധിസ്മൃതി വനം, വിവിധ ഇക്കോ ടൂറിസം പദ്ധതികൾ, കോട്ടൂരിലേയും കാപ്പുകാട്ടേയും ആന സംരക്ഷണ കേന്ദ്രങ്ങൾ എന്നിവയ്ക്കോരോന്നിനും 2012-13-ലെ ബഡ്ജറ്റിൽ വകയിരുത്തിയ തുക, അനുവദിക്കപ്പെട്ട തുക, പിൻവലിക്കാതെ അവശേഷിക്കുന്ന തുക എന്നിവ ചുവടെ ചേർക്കുന്നു:

തുക ലക്ഷത്തിൽ

	2012-13-ലെ ബജറ്റിൽ വകയിരുത്തിക തുക	അനുവദിക്കപ്പെട്ട തുക	പിൻവലിക്കാതെ അവശേഷിക്കുന്ന തുക
ഗാന്ധിസ്മൃതി വനം	...	100.01 (SDG)	...
വിവിധ ഇക്കോ ടൂറിസം പദ്ധതികൾ	300.00	300.00	6.191 (Balance)
കോട്ടൂരിലേയും കാപ്പുകാട്ടേയും ആന സംരക്ഷണ കേന്ദ്രങ്ങൾ	...	100.01 (SDG)	...

LIBRARY ARCHIVES Kerala Legislative Assembly

(ബി) തുടർന്നുള്ള ബഡ്ജറ്റുകളിൽ ഗാന്ധിസ്മൃതി വനം, കോട്ടൂരിലേയും കാപ്പുകാട്ടേയും ആന സംരക്ഷണ കേന്ദ്രങ്ങൾ പദ്ധതികൾക്കായി പ്രത്യേകം തുക വകയിരുത്തിയിരുന്നില്ല. എന്നാൽ ഇക്കോ ടൂറിസം പദ്ധതിക്ക് തുടർന്നുള്ള വർഷങ്ങളിൽ വകയിരുത്തിയ തുകയും അനുവദിക്കപ്പെട്ട തുകയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

തുക ലക്ഷത്തിൽ

വർഷം	വകയിരുത്തിയ തുക	അനുവദിക്കപ്പെട്ട തുക	പിൻവലിക്കാതെ അവശേഷിക്കുന്ന തുക
2013-14	605.00	605.00	35.89 (Balance)
2014-15	682.00	682.00	15.04 (Balance)
2015-16	700.00	700.00	579.29 (ongoing)

തെക്കേ ഇന്ത്യൻ വനം വകുപ്പുമന്ത്രിമാരുടെ സമ്മേളനം

285 (2114) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും, പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെക്കേ ഇന്ത്യൻ വനം വകുപ്പ് മന്ത്രിമാരുടെ സമ്മേളനത്തിനുള്ള തുക അനുവദിച്ചുകൊണ്ട് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സമ്മേളനത്തിന് എത്ര തുക ചെലവഴിച്ചിട്ടുണ്ട് ; ഇനംതിരിച്ച് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സമ്മേളനത്തിന് ഉപഹാരങ്ങൾ വാങ്ങുന്നതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട് ; ഇതിൽ വിതരണം ചെയ്യാത്ത ഉപഹാരങ്ങൾ എത്ര എണ്ണം ഉണ്ടെന്നും അവ എന്തു ചെയ്തെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലെ വനം വകുപ്പുമന്ത്രിമാരുടെ സമ്മേളനത്തിന് 5-8-2015-ാം തീയതിയിലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) 370/2015/വനം-വന്യജീവി പ്രകാരം 35 ലക്ഷം രൂപയുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(ബി) ടി സമ്മേളനത്തിനായി 29,51,623 രൂപ (ഇരുപത്തൊൻപത് ലക്ഷത്തി അമ്പത്തിഒന്നായിരത്തി അറുന്നൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. ആയത് ഇനം തിരിച്ച് ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly